# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1330

03.12.15 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. അയിഷാ പോറ്റി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) നിലവിലെ റേഷൻകാർഡ് പുതുക്കലിനായുള്ള പ്രീ-പോപ്പുലേറ്റഡ് ഫോമുകൾ 01.01.15-ന് വിതരണം ആരംഭിച്ചു. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ കൃത്യമാക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്. |
| (ബി) ഗുണഭോക്താക്കൾക്ക് പുതിയ റേഷൻ കാർഡ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

Thulasi

സെക്ഷൻ ഓഫീസർ